# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3160** **18.06.2019-ൽ മറുപടിയ്ക്ക്**

## ചെങ്ങന്നൂരിലെ ഹാർബർ എഞ്ചിനീയറിംഗുമായി ബന്ധപ്പെട്ട പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സജി ചെറിയാൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഹാർബർ എഞ്ചിനീയറിംഗുമായി ബന്ധപ്പെട്ട് ചെങ്ങന്നൂരിൽ എത്ര പ്രവൃത്തികളാണ് നിലവിലുള്ളത്; വിവരിക്കാമോ; | എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 7 റോഡു പ്രവൃത്തികൾക്ക് 340.10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ 4 പ്രവൃത്തികൾ പൂർത്തീകരിച്ചു. രണ്ട് റോഡ് പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുകയും ഒരു റോഡ് പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| പൂർത്തീകരിച്ച പ്രവൃത്തികൾ | | |
|---|---|---|
| നമ്പർ | റോഡിന്റെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) |
| 1 | തോപ്പിൽ ചന്ത എണ്ണക്കാട് കോളനി റോഡ് | 49.00 |
| 2 | കോയിപ്പുറത്തുപടി – പെരുമ്പുഴക്കടവ് റോഡ് | 47.00 |
| 3 | ചെന്നിത്തല പഞ്ചായത്തിലെ ഫിഷർമെൻ കോളനി റോഡ് | 64.70 |
| 4 | പ്രായിക്കരക്കടവ് – കളത്തറപ്പടി റോഡ് | 11.90 |

| ശേഷിക്കുന്ന പ്രവൃത്തികൾ | | | |
|---|---|---|---|
| 1 | തൈത്തറപ്പടി മുതൽ പറക്കടവ് വരെയുള്ള റോഡ് | 57.00 | പ്രവൃത്തിയ്ക്ക് ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്. |
| 2 | മേച്ചേരിൽ - കരവാള്ളിൽ എൻജിൻതറ റോഡ് | 29.50 | പ്രവൃത്തിയ്ക്ക് ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്. |
| 3 | വല്ലംകടവ് – ചില്ലിതുരുത്ത് റോഡ്. | 81.00 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

ബി) പ്രവൃത്തികൾ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള കാലതാമസം ഓരോ പ്രവൃത്തിയുടെയും വിവരണങ്ങളോടെ വിശദമാക്കാമോ?

ബി) പ്രവൃത്തികൾ ആരംഭിക്കുന്നതിനും, പൂർത്തീകരിക്കുന്നതിനുമുള്ള കാലതാമസം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>തോപ്പിൽ ചന്ത എണ്ണക്കാട് കോളനി റോഡ്</u>

ടി പ്രവൃത്തി 20/05/2017 ൽ ആരംഭിച്ചു. കരാർ പ്രകാരം 16/03/2018 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. ടി പ്രവൃത്തി 06/02/2019 ലാണ് പൂർത്തീകരിച്ചത്.

വെള്ളക്കെട്ടുള്ള പ്രദേശം ആയതിനാൽ സംരക്ഷണഭിത്തിയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടു. കൂടാതെ പ്രളയംമൂലം റോഡിന് കേടുപാടുകൾ സംഭവിക്കുകയും വീണ്ടും മെറ്റലിംഗ് ചെയ്യേണ്ടതായി വരുകയും ചെയ്തു. തന്മൂലം പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടു.

2. <u>കോയിപ്പുറത്തുപടി – പെരുമ്പുഴക്കടവ് റോഡ്</u>

ടി പ്രവൃത്തി 12/07/2017 ൽ ആരംഭിച്ചു. കരാർ പ്രകാരം 07/04/2018 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. 30/12/2018 ൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

വയലിന്റെ നടുവിലൂടെയുള്ള റോഡായതിനാൽ സംരക്ഷണ ഭിത്തി നിർമ്മാണത്തിന് കാലതാമസം നേരിട്ടു. കൂടാതെ പ്രളയത്തിൽ ടി റോഡ് പൂർണ്ണമായും വെള്ളത്തിൽ മുങ്ങിപ്പോയതിനാൽ ടാറിംഗ് പ്രവൃത്തി ഏർപ്പാടാക്കുന്നതിന് സാധിച്ചില്ല. തന്മൂലം പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കാലതാമസം നേരിട്ടു.

3. <u>ഫിഷർമെൻ കോളനി റോഡ്</u>

ടി പ്രവൃത്തി 05/04/2018 ൽ ആരംഭിച്ചു. കരാർ പ്രകാരം 04/04/2019 ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി 20/04/2019 ൽ പൂർത്തീകരിച്ചിട്ടുണ്ട്.

4. <u>പ്രായിക്കരപ്പടി – തൈത്തറപടി റോഡ്</u>

ടി പ്രവൃത്തി 08/03/2019 ൽ ആരംഭിക്കുകയും 31/05/2019 ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

5. <u>തൈത്തറപ്പടി – പറക്കടവ് റോഡ്</u>

ടി പ്രവൃത്തിയ്ക്ക് 25/10/2018 ൽ ഭരണാനുമതി നൽകി. 08/05/2019 ൽ സാങ്കേതികാനുമതി നൽകിയ ടി പ്രവൃത്തിയ്ക്ക് ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്.

6. <u>മേച്ചേരിൽ കരവാളിൽ (എൻജിൻതറ) റോഡ്</u>

ടി പ്രവൃത്തിയ്ക്ക് 15/02/2019 ൽ ഭരണാനുമതി ലഭിച്ചതനുസരിച്ച് 27/03/2019 ൽ സാങ്കേതികാനുമതി നൽകി. പ്രവൃത്തിയ്ക്ക് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

7. <u>വല്ലംകടവ് – ചില്ലിത്തുരുത്ത് റോഡ്</u>

ടി പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**